**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2922.** **18.06.2018-ന് മറുപടിയ്ക്ക്**

**അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ഭൂമി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കെ.ദാസൻ** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആൻഡ് ട്രാൻസ്പെരൻസി ഇൻ ലാന്റ് അക്വസിഷൻ, റിഹാബിലിറ്റേഷൻ, റീസെറ്റിൽമെന്റ് ആക്ട് 2013 പ്രകാരം പാലം, റോഡ് മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും കാലതാമസം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 2013-ലെ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആൻഡ് ട്രാൻസ്പെരൻസി ഇൻ ലാന്റ് അക്വസിഷൻ, റിഹാബിലിറ്റേഷൻ, റീസെറ്റിൽമെന്റ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭൂമി ഏറ്റെടുക്കുന്ന സാഹചര്യങ്ങളിൽ ചുരുങ്ങിയത് രണ്ട് വർഷത്തിലധികം കാലതാമസം ഉണ്ടാകാറുണ്ട്. പ്രസ്തുത നിയമപ്രകാരം ഒരു പ്രത്യേക പ്രോജക്ടിനുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ 6 മാസത്തിനകം സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കേണ്ടതും 11(1) പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനകം 19 (1) പ്രകാരമുള്ള പ്രഖ്യാപനവും അതിനുശേഷം ഒരു വർഷത്തിനകം അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുമ്പോൾ 2 വർഷത്തിലധികം കാലതാമസം വരാൻ സാഹചര്യമുണ്ട്. |
| (ബി) ഇങ്ങനെയുള്ള കാലതാമസം സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളെ പുറകോട്ടടിപ്പിക്കുന്നു എന്നതിനാൽ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ലഘൂകരിക്കുന്നതിന് നിലവിലുള്ള നിയമവ്യവസ്ഥയിൽ അനിവാര്യമായ മാറ്റങ്ങൾ വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) ഭൂമി ഏറ്റെടുക്കൽ പ്രക്രിയകൾ ലഘൂകരിക്കുന്നതിന് Direct/Negotiated പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. സാധാരണയായി ഭൂമി ഏറ്റെടുക്കേണ്ട അവസരങ്ങളിൽ ഭൂവുടമകൾ ഭൂമി വിട്ടു നൽകാൻ തയ്യാറാകുന്ന പക്ഷം ഡയറക്ട്/ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്നതിന് പ്രാധാന്യം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. |
| (സി) വികസന പ്രവർത്തനങ്ങൾക്കായി നിർബന്ധമായും ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ ഏറ്റെടുക്കൽ പ്രക്രിയ ലഘൂകരിക്കുന്നതിനോടൊപ്പം ഭൂമി വിട്ടു നൽകുന്നവർക്ക് എന്തെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (സി) പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ LARR Act, 2013-ലെ ഷെഡ്യൂൾ 1 പ്രകാരം കോംപൻസേഷനും ഷെഡ്യൂൾ 2 പ്രകാരം പുനരധിവാസവും നൽകണമെന്നാണ് നിയമം അനുശാസിച്ചിട്ടുള്ളത്. എന്നാൽ ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 29/12/2017-ലെ ജി.ഒ.(എം.എസ്) 448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ